തൃശ്ശൂർ-കുണ്ടുകാട് വടക്കാഞ്ചേരിവഴി കെ.എസ്.ആർ.ടി.സി. സർവ്വീസ്

175 (625) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-കുണ്ടുകാട്-വടക്കാഞ്ചേരിവഴി കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കണം എന്ന നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സർവ്വീസ് എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വീസ് ആരംഭിക്കുന്നതിലേക്കായി സാധ്യതാ പഠനം നടത്തുന്നതിന് തൃശ്ശൂർ യൂണിറ്റാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ലാഭകരമായി നടത്തുവാൻ കഴിയുമെന്ന് ബോദ്ധ്യപ്പെട്ടാൽ സർവ്വീസ് ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

കയ്യൂർ ഗവൺമെന്റ്. ഐ.ടി.ഐ.-യിലെ കുട്ടികളുടെ യാത്ര ദുരിതം പരിഹരിക്കുന്നതിന് നടപടി

176 (626) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. യിലെ കുട്ടികളുടെ യാത്രാദുരിതം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുന്നതിനായി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എപ്പോൾ അനുകൂല നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

നിവേദനം ലഭിച്ചിട്ടില്ല.

പുതുതായി വാങ്ങിയ മിനി ബസ്സുകൾ

177 (627) ശ്രീ. സൈമൺ ബ്രട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മിനി ബസ്സുകളും ഷോർട്ട് വീൽ ബെയ്സ്ഡ് ബസ്സുകളും പുതുതായി വാങ്ങി നിരത്തിലിറക്കാൻ കഴിഞ്ഞിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ബസ്സുകൾ ആലപ്പുഴ ജില്ലയിൽ സർവ്വീസ് നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly